# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T. 4162 17.05.2017-ൽ മറുപടിക്ക്

### എച്ച്.എസ്.എസ്.റ്റി റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.പി.വി. അൻവർ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | എച്ച്.എസ്.എസ്.റ്റി (ഇക്കണോമിക്സ്) തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ നീട്ടിയ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | എച്ച്.എസ്.എസ്.റ്റി (ഇക്കണോമിക്സ്) ജൂനിയർ/സീനിയർ തസ്തികയുടെ കാലാവധി 30.06.2017- ലാണ് അവസാനിക്കുന്നത്. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിന് നിലവിൽ തീരുമാനം എടുത്തിട്ടില്ല. |
| (ബി) | ഈ ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം ലഭിച്ചുവെന്നും ശേഷിക്കുന്നവർ എത്രയെന്നും വ്യക്തമാക്കുമോ; | (ബി) | എച്ച്.എസ്.എസ്.റ്റി (ഇക്കണോമിക്സ്) സീനിയർ തസ്തികയിൽ 41 പേർക്കും ജൂനിയർ തസ്തികയിൽ 284 പേർക്കും നിയമന ശുപാർശ നൽകിയിട്ടുണ്ട്. എച്ച്.എസ്.എസ്.റ്റി ഇക്കണോമിക്സ് സീനിയർ തസ്തികയിൽ 1335 പേരും ജൂനിയർ തസ്തികയിൽ 1063 പേരും ശേഷിക്കുന്നുണ്ട്. |
| (സി) | ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഹയർ സെക്കണ്ടറി അഡീഷണൽ ബാച്ചിൽ വരുന്ന തസ്തികകളിലേക്ക് ഈ റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | അഡീഷണൽ ബാച്ചിലേക്ക് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവുകളിലേക്ക് റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതാണ്. |
| (ഡി) | നിയമനം നേരത്തെയാക്കണമെന്നതുൾപ്പടെ എച്ച്.എസ്.എസ്.റ്റി (ഇക്കണോമിക്സ്) റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ മുഖ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ? | (ഡി) | മാർച്ച്, ഏപ്രിൽ, മെയ് വരെയുള്ള റിട്ടയർമെന്റ് മുഖേന ഉണ്ടാകുന്ന എച്ച്.എസ്.എസ്.ടി ജൂനിയർ ഒഴിവുകൾ ഇതിനോടകം തന്നെ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.